'/.

**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5591 — 02.11.2016-ൽ മറുപടിക്ക്

**സഹകരണ വകുപ്പിന്റെ കർഷക സേവന കേന്ദ്രം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്**<br>**,, എസ്.രാജേന്ദ്രൻ**<br>**,, എം. രാജഗോപാലൻ**<br>**,, പി.ടി.എ. റഹീം :** | **ശ്രീ. എ.സി. മൊയ്തീൻ**<br>**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി കർഷക സേവന കേന്ദ്രം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങളും ഇതുവഴി കൈവരിക്കുന്ന നേട്ടങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സൗവിധാനങ്ങൾ |

ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

| | |
|---|---|
| (സി) ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) 2016-17 വർഷം അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെയും ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി മണ്ണ് ഗവേഷണ ശാലകളും | (ഡി) ഉണ്ട്.<br>2016-17 വർഷത്തെ പദ്ധതിയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കർഷകസേവന കേന്ദ്രങ്ങളിൽ |

ബയോഫാർമസികളും കാർഷിക ഔഷധ നഴ്സറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

മണ്ണ് ഗവേഷണ ശാലകൾ സ്ഥാപിക്കുന്നതിനായി 110 ലക്ഷം രൂപയും ബയോഫാർമസികൾ, കാർഷിക ഔഷധ നഴ്സറികൾ ഉൾപ്പെടെയുള്ള ആധുനിക ഹൈടെക് കൃഷി രീതികൾ പദ്ധതിയടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 380 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) ഈ പദ്ധതി വഴി കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹൈടെക് കൃഷിരീതികൾ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ: വ്യക്തമാക്കുമോ?

(ഇ) ഉണ്ട്.

ആധുനിക കൃഷിരീതികളായ പോളി ഹൗസ്, ഗ്രീൻ ഹൗസ്, മഴമറ കൃഷി, ആധുനിക നഴ്സറികൾ അത്യന്താധുനിക യന്ത്രോപകരണങ്ങളും സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹൈടെക് കൃഷിരീതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**